# ഇസ്ലാമിക്ക് റിപ്പബ്ലിക്ക് ഓഫ് ഇറാൻ പ്രെസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ഓഗസ്റ്റ് 24, 2023

ജൊഹാനസ്ബർഗിൽ നടന്ന 15-ാമത് ബ്രിക്സ് ഉച്ചകോടിക്കിടയിൽ, 24 ഓഗസ്റ്റ് 2023- ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇസ്ലാമിക്ക് റിപ്പബ്ലിക്ക് ഓഫ് ഇറാൻ പ്രസിഡന്റ് ഡോ. സെയ്ദ് ഇബ്രാഹിം റൈസിയുമായി കൂടിക്കാഴ്ച നടത്തി.

2 വാണിജ്യം, നിക്ഷേപം, ഊർജം, തീവ്രവാദം എന്നിവ ഉൾപ്പെടെ വിവിധ മേഖലകളിൽ ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള വഴികൾ ഇരു നേതാക്കളും ചർച്ച ചെയ്തു. ചബഹാർ ഉൾപ്പെടെയുള്ള പദ്ധതികളിൽ അടിസ്ഥാന സൗകര്യ സഹകരണം വേഗത്തിലാക്കാൻ ഇരുപക്ഷവും സമ്മതിച്ചു. വിവിധ പ്രാദേശികസംഭവവികാസങ്ങളെക്കുറിച്ചും,അഫ്ഗാനിസ്ഥാൻ വിഷയത്തെ കുറിച്ചും നേതാക്കൾ അഭിപ്രായങ്ങൾ കൈമാറി.

3. ബ്രിക്സ് കൂട്ടായിമയിൽ അംഗത്വം ലഭിച്ചതിനു പ്രധാനമന്ത്രി പ്രസിഡന്റ് റൈസിയെ അഭിനന്ദിച്ചു.

4. ചന്ദ്രയാൻ ദൗത്യത്തിന്റെ വിജയത്തിൽ പ്രധാനമന്ത്രിയെ അഭിനന്ദിക്കുകയും ഇറാന്റെ ബ്രിക്സ് അംഗത്വത്തിനുള്ള ഇന്ത്യയുടെ പിന്തുണയ്ക്ക് പ്രധാനമന്ത്രിക്ക് പ്രസിഡന്റ് റൈസി നന്ദി അറിയിക്കുകയും ചെയ്തു.

**ജൊഹാനസ്ബർഗ്**
**ഓഗസ്റ്റ് 24, 2023.**